209929/2022

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**പതിനാലാം കേരള നിയമസഭ**

**<u>പത്താം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ 4355**

**21.03.2018 ൽ മറുപടി**

**നൽകേണ്ടിയിരുന്നത്**

**<u>സാമാജികരെ സാമൂഹ്യ മാധ്യമങ്ങൾ വഴി അപകീർത്തിപ്പെടുത്തുന്നതായ പരാതി</u>**

| ചോദ്യം<br>ശ്രീ. റോജി. എം.ജോൺ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ മാധ്യമങ്ങൾ വഴി നിയമസഭാംഗങ്ങളെ അപകീർത്തിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ മാധ്യമങ്ങൾ വഴി നിയമസഭാംഗങ്ങളെ അപകീർത്തിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് 55 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പരാതികളിന്മേൽ എത്ര കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പരാതികളിന്മേൽ നാളിതുവരെയുള്ള അന്വേഷണത്തെ തുടർന്ന് 40 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

209929/2022

| | | | |
|---|---|---|---|
| (സി) | ശ്രീ. അനിൽ അക്കര എം.എൽ.എ. നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ? | (സി) | സമൂഹ മാധ്യമം വഴി അപകീർത്തിപ്പെടുത്തിയെന്നാരോപിച്ച് മുൻ എം.എൽ.എ ശ്രീ. അനിൽ അക്കര ബഹു. കുന്നംകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച പരാതി പ്രകാരം തൃശ്ശൂർ ജില്ലയിലെ പേരാമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 900/16 u/s 66 A, B of IT Act and 171 (G) of IPC Act പ്രകാരം 11/05/2016 തീയതി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും കുന്നംകുളം അസി.പബ്ലിക് പ്രോസിക്യൂട്ടറിൽ നിന്നും ലീഗൽ ഒപ്പീനിയൻ വാങ്ങിയതിൽ മേൽപ്പറഞ്ഞ സെക്ഷനുകൾ നിലനിൽക്കുന്നതല്ല എന്നും കേസ്സ് തുടർന്ന് അന്വേഷിക്കേണ്ടതില്ലയെന്നും ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ടി കേസ്സ് 25/10/2017-ാം തീയതി Further Action Dropped (FAD) ആയി അന്തിമ റിപ്പോർട്ട് തയ്യാറാക്കി ബഹു.കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്.<br><br>സമൂഹമാധ്യമം വഴി മുൻ എം.എൽ.എ ശ്രീ. അനിൽ അക്കരയെ അപകീർത്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 07/02/2018 - ൽ പോലീസ് ആസ്ഥാനത്ത് ലഭിച്ച പരാതിയിൽ ആരോപിച്ചിരുന്ന കുറ്റം ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 500-ാം വകുപ്പ് പ്രകാരമുള്ളതായതിനാൽ പ്രസ്തുത വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് നേരിട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ പോലീസിന് അധികാരമില്ലാത്തതിനാൽ ബഹു. കോടതി മുഖാന്തിരം നിയമ നടപടി സ്വീകരിക്കുവാൻ 31/03/2018-ാം തീയതി പരാതിക്കാരനായ ശ്രീ. അനിൽ അക്കരയ്ക്ക് രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ